# ജി.എൽ.പി.എസ്.
# കുമാരപുരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

# മയിൽപ്പീലി



# ആമുഖം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ഉപജില്ലയിൽ ഉൾപ്പെടുന്ന കരുവാറ്റ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജി. എൽ. പി. എസ് കുമാരപുരം എന്നത് ഒരു ശ്രദ്ധേയമായ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമാണ്. പ്രകൃതിഭംഗി നിറഞ്ഞ ഗ്രാമപ്രദേശത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ, വിദ്യാർത്ഥികളുടെ സമഗ്രവിദ്യാഭ്യാസ വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു.

പ്രീ പ്രൈമറി ഉൾപ്പെടെ 10 ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന സ്കൂളിൽ 200 ലധികം കുട്ടികൾ പഠിച്ചു വരുന്നു. കുട്ടികൾക്ക് സുസജ്ജമായ ക്ലാസ്സ്മുറികളും, ലൈബ്രറി, കളിസ്ഥലം, ശുചിത്വ സൗകര്യങ്ങൾ എന്നിവയും സ്കൂളിൽ ലഭ്യമാണ്. വിദ്യാർത്ഥികളുടെ ശാരീരിക-ബൗദ്ധിക-സാംസ്കാരിക വളർച്ചയ്ക്കായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരത്തോടെ ' നന്മ വീട്'' തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.
കുട്ടികളിൽ കൃഷിയിലേയ്ക്കുള്ള മനോഭാവം വളർത്തുന്നതിനായി സ്കൂളിൽ 'ഹരിതാമൃതം' പദ്ധതി പ്രവർത്തിക്കുന്നു. ഈ പദ്ധതി പ്രകാരം സ്കൂളിൽ വിദ്യാർത്ഥികൾ ചെടികൾ നട്ടു വളർത്തുകയും കൃഷിരീതികളുമായി പരിചയപ്പെടുകയും ചെയ്യുന്നു.കൂടാതെ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാൻ ഞാൻ വിവിധ പഠന ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി കുട്ടികൾക്ക് നെൽ വിത്തുകൾ വീടുകളിൽ കൃഷി ചെയ്യാനായി നൽകിയിട്ടുണ്ട്. കുട്ടികൾക്കുള്ള പ്രകൃതിദത്ത പഠന അനുഭവം ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

സാമൂഹിക പ്രതിബദ്ധതയോടെയും, സുസംഘടിതമായ അധ്യാപന രീതികളോടെയും മുന്നേറുന്ന ജി. എൽ. പി. എസ് കുമാരപുരം, പ്രദേശത്തുള്ള കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. ഓരോ വിദ്യാർത്ഥിയെയും മനസ്സിലാക്കി അവനവനായി അനുയോജ്യമായ മാർഗനിർദ്ദേശം നൽകുന്ന ഈ സ്കൂൾ, പുതിയ തലമുറയ്ക്ക് മാതൃകയായി മുന്നേറുകയാണ്.

# വിദ്യാലയം – അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :GLPS കുമാരപുരം

ഹെഡ്മാസ്റ്റർ പേര് : ജെയിംസ് ആന്റണി

സ്കൂൾ കോഡ് : 35309

വിദ്യാഭ്യാസ ഉപജില്ല :അമ്പലപ്പുഴ

വിദ്യാഭ്യാസ ജില്ലാ : ആലപ്പുഴ

റവന്യൂ ജില്ല : ആലപ്പുഴ

ബി.ആർ.സി : അമ്പലപ്പുഴ

സി.ആർ.സി :GLPS കുമാരപുരം

ഗ്രാമപഞ്ചായത്ത് : കരുവാറ്റ

ക്ലസ്റ്റർ പഞ്ചായത്ത് : കരുവാറ്റ

ജില്ലാ പഞ്ചായത്ത് : ആലപ്പുഴ

നിയമസഭ മണ്ഡലം : ഹരിപ്പാട്

താലൂക്ക് :കാർത്തികപ്പള്ളി

ഇ–മെയിൽ : glpskumarapuram317@gmail.com

സ്കൂൾ വിലാസം :GLPS കുമാരപുരം
കരുവാറ്റ ഗ്രാമപഞ്ചായത്ത്,
ആലപ്പുഴ
PIN: 690517

# സവിശേഷതകൾ:

- ശിശുസൗഹൃദ അന്തരീക്ഷം
- ഐ. ടി. അധിഷ്ഠിത പഠനം
- കുട്ടികൾക്കായി കളി ഉപകരണങ്ങൾ
- ഇംഗ്ലീഷ്-മലയാളം മീഡിയം ക്ലാസുകൾ
- മികച്ച പ്രീ-പ്രൈമറി വിദ്യാഭ്യാസം
- പരിശീലനം നേടിയ അദ്ധ്യാപകർ
- ശക്തമായ അദ്ധ്യാപക-രക്ഷാകർതൃ കൂട്ടായ്മ
- ജൈവവൈവിധ്യോദ്യാനം
- ഉച്ചഭക്ഷണ പദ്ധതിയുടെ സമൃദ്ധമായ നടപ്പാക്കൽ
- ഹിന്ദിയും സ്പോക്കൺ ഇംഗ്ലീഷും ഉൾപ്പെടുത്തിയ ക്ലാസുകൾ
- വർണ്ണ കൂടാരം പദ്ധതി പ്രീ-പ്രൈമറി കുട്ടികൾക്കായി
- വാഹന സൗകര്യവും ലഭ്യമാണ്
- ഹരിതാമൃതം പദ്ധതി
- നന്മ വീട് പദ്ധതി

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ പഞ്ചായത്തിലെ പത്മ വള്ളിൽ ഇല്ലം വക സ്ഥലത്ത് സ്ഥാപിതമായ ജി. എൽ. പി. എസ്. കുമാരപുരം എന്നത് 1912–ൽ ആരംഭിച്ച ഒരു ചരിത്രപരവും മൂല്യബോധമുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമാണ്. കരുവാറ്റ ചുണ്ടൻ വള്ളം വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിലൂടെയാണ് ഈ വിദ്യാലയം തുടക്കം കുറിച്ചത്. അറിവിന്റെ ലോകത്തേക്ക് കുഞ്ഞു വിദ്യാർത്ഥികളെ കൈപിടിച്ച് നയിക്കുന്ന ഈ മാതൃവിദ്യാലയം ഇന്ന് മികവിൽ നിന്ന് ശ്രേഷ്ഠതയിലേക്കുള്ള പാതയിൽ സസമർത്ഥമായി പുരോഗമിക്കുന്നു.

വിദ്യാലയത്തിൽ പ്രീ–പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിൽ ഏകദേശം 200 വിദ്യാർത്ഥികൾ പഠിക്കുന്നു. സുസജ്ജമായ ക്ലാസ് മുറികളും എസി സൗകര്യമുള്ള കമ്പ്യൂട്ടർ ലാബും, വായനയെ പ്രോത്സാഹിപ്പിക്കുന്ന ക്ലാസ്സ്റൂം ലൈബ്രറിയും, ശിശുസൗഹൃദ അന്തരീക്ഷവും വിദ്യാർത്ഥികൾക്ക് ഉത്തമമായ പഠനാനുഭവം ഒരുക്കുന്നു. പഠനമേഖലയ്ക്കൊപ്പം കല, കായികം, ശാസ്ത്രം, ഭാഷ, ജൈവവൈവിധ്യ ജ്ഞാനം തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾ ദേശീയതലത്തിൽ തിളങ്ങുന്ന നേട്ടങ്ങൾ കൈവരിച്ചു.

# അധ്യാപകരുടെ വിവരങ്ങൾ

1. ജെയിംസ് ആൻറണി – ഹെഡ്മാസ്റ്റർ

2. മേരി വിൻസെൻറ് – സീനിയർ അസിസ്റ്റന്റ്റ്,ഉച്ചഭക്ഷണ ചുമതല

3. അൽഫി എം. സുലൈമാൻ – സ്കൂൾ ബസ് ചുമതല ,
ഐ.റ്റി. കോഡിനേറ്റർ

4. ബിന്ദു കോശി – വിദ്യാരംഗം ക്ലബ്

5. സോഫിയ എം. തോമസ് –സ്റ്റാഫ് സെക്രട്ടറി,സുരക്ഷ ക്ലബ്ബ്,
ഇംഗ്ലീഷ് ക്ലബ്

6. സുനിമോൾ എസ്സ്. – പരിസ്ഥിതി ക്ലബ്, ഹരിത സേന

7. നെജിമുന്നീസ ഇ. – ഗണിത ക്ലബ്,കായികം

8. അഞ്ജലി കെ. – എസ്.ആർ.ജി. കൺവീനർ,ജാഗ്രത സമിതി,
ഇംഗ്ലീഷ് ക്ലബ്

9. റജില – ഹെൽത്ത് ക്ലബ് , കായികം

10.ഹസീന ബീവി – പ്രീ പ്രൈമറി അധ്യാപിക ,
വിവിധ മേളകൾ ( കോഡിനേറ്റർ )

11.ജയശ്രീ – പ്രീ പ്രൈമറി ആയ

## പ്രധാന നേട്ടങ്ങൾ:

- സബ്ജില്ലാതല കലോത്സവത്തിൽ മൂന്നാം സ്ഥാനം.

- അറബിക്കലോത്സവം, ശാസ്ത്രമേള, സ്പോർട്സ് എന്നിവയിൽ ഒന്നാം സ്ഥാനം.

- എൽ.പി. മിനി പെൺകുട്ടികളുടെ വിഭാഗത്തിൽ കായിക മത്സര വിജയികൾ.

- സംയുക്ത ഡയറി, സചിത്ര പാഠപുസ്തകങ്ങൾ, പ്രവർത്തന പുസ്തകങ്ങൾ ഉൾപ്പെടുത്തിയതോടെ പഠന നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

1. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ. കെ. ജി. മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അദ്ധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

5. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം ഉറപ്പാക്കി, കുട്ടികളിൽ ആത്മവിശ്വാസം, ആഭിമാനം, സാമൂഹിക ബോധം എന്നിവ വളർത്തുക.

6. പ്രകൃതിയോടും കൃഷിയോടും ചേർന്ന് നിലകൊള്ളുന്ന ജീവിതമൂല്യങ്ങൾ കുട്ടികളിൽ ബോധ്യപ്പെടുത്തുകയും, ഹരിതാമൃതം പദ്ധതി പോലുള്ള പദ്ധതികൾ വഴി പ്രായോഗിക പഠനം ഉറപ്പാക്കുകയും ചെയ്യുക.

7. നന്മ വീട് പദ്ധതിയിലൂടെ വിദ്യാർത്ഥികളിൽ നന്മയും മാനവിക മൂല്യങ്ങളും വളർത്തുക.

# പ്രതീക്ഷിത നേട്ടങ്ങൾ

- ശാസ്ത്രസമ്പുഷ്ടമായ അന്തരീക്ഷത്തിൽ ഏറ്റവും പരമാവധി പഠനാനുഭവം നൽകുന്നു.

- സ്കൂൾ സമൂഹത്തിൽ ഒരു ആശയ സംവാക്യം സൃഷ്ടിക്കുന്നു.

- വിദ്യാലയ പ്രവൃത്തിയുടെ നിലവാരം വർധിപ്പിക്കുന്നു.

- മാനവികവേദന സഹിഷ്ണുത നിലനിർത്താൻ കഴിയും.

- വിദ്യാർത്ഥി സമൂഹത്തിലെ ഗുണകരമായ പ്രവൃത്തികൾക്ക് തടയിടുവാൻ കഴിയും.

- കൃഷിയുമായി ബന്ധപ്പെട്ടു, മണ്ണറിഞ്ഞും മനം നിറഞ്ഞും പഠിക്കാൻ അവസരം ലഭിക്കും.

- സാമൂഹ്യബോധം, സഹിഷ്ണുത, സഹകരണം തുടങ്ങിയ മൂല്യങ്ങൾ വളർത്തും.

# മികവിനായി ഏറ്റെടുക്കേണ്ട
# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| ഹ്രസ്വകാല പദ്ധതികൾ | മദ്ധ്യകാല പദ്ധതികൾ | ദീർഘകാല പദ്ധതികൾ |
|---|---|---|
| ലൈബ്രറി ശാക്തീകരണം | ഭാഷാ ശേഷി വികസനം | വായന പരിപോഷണം |
| | | സ്കൂൾ പത്രം |
| ഇംഗ്ലീഷ് അസംബ്ലി | സർഗ്ഗ വേദി | ഇംഗ്ലീഷ് തിയേറ്റർ |
| | | ഹരിതാമൃതം |
| ഇംഗ്ലീഷ് ബുള്ളറ്റിൻ | ഇംഗ്ലീഷ് പഠന പരിപോഷണം | നന്മവീട് |
| | | ഇംഗ്ലീഷ് കോർണർ |
| പഠനയാത്ര | ശാസ്ത്ര പരിപോഷണ പരിപാടി | ജൈവ വൈവിദ്ധ്യ പാർക്ക് |
| ദിനാചരണം | | സെമിനാറുകൾ |
| മെഡിക്കൽ ക്യാമ്പ് | ഐ.ടി പരിശീലനം | പ്രവൃത്തി പരിചയം |
| ഒറിഗാമി ശില്പശാല | | ഗണിതശേഷി വികസനം |
| | | ഗണിത ലാബ് |

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ വിശദീകരണം.

✦നന്മ വീട്

നന്മ,കരുണ, സ്നേഹം ആരോഗ്യം ശുചിത്വം പച്ചപ്പ് എന്നീ തീമുകളുടെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ചാരിറ്റി പ്രവർത്തനങ്ങൾ, കുട്ടികൾക്കും രക്ഷിതാക്കൾക്കും
കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിനായി സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരത പദ്ധതി, ത്രി ഭാഷ സാക്ഷരത പദ്ധതി, ആരോഗ്യ ബോധവൽക്കരണം, കുട്ടികൾക്ക് ഹെൽത്ത് കാർഡ്, രക്ഷിതാക്കളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് Befit പരിപാടി, യോഗ പരിശീലനം

✦ഹരിതാമൃതം

കൃഷിയിലൂടെ 1 –4 വരെയുള്ള ക്ലാസിലെ കുട്ടികൾ നേടേണ്ട പഠന ശേഷികൾ കൈവരിക്കുന്നു. കൃഷിയുടെ വിവിധ ഘട്ടങ്ങൾ,നെൽ വിത്തുകൾ എണ്ണൽ, ഊഹം അളക്കൽ, നീളം, വീതി അളക്കൽ, വിസ്തീർ ണ്ണം കണ്ടെത്തൽ, വിത്ത് വിതക്കൽ , വളമിടൽ,ഞാറു നടൽ ,കള പറിക്കൽ തുടങ്ങിയ കൃഷിയുടെ ഘട്ടങ്ങളിലൂടെ പഠന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് പ്രവർത്തനം നൽകുന്നു.

✦ഹോണസ്റ്റി ലൈബ്രറി

കുട്ടികൾക്ക് അവരുടെ ഇഷ്ടാനുസരണം പുസ്തകങ്ങൾ എടുത്ത് വായിക്കാനും തിരിച്ച് വെക്കാനും അവസരം നൽകുന്നു.

✦പുസ്തക പരിചയം

ഒരു ദിവസം ഒരു കുട്ടി ഒരു പുസ്തകം പരിചയപ്പെടുത്തുന്നു.

✦താളം മേളം

ഉച്ച സമയത്ത് ചെണ്ട പരിശീലനം.

✦ബാലസഭ
ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ഇല്ലാത്ത ദിവസങ്ങളിൽ രാവിലെ 10 മണി വരെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം

✦GK Corner
ഒരു ദിനം ഒരറിവ്

✦ലൈബ്രറി
കുട്ടികൾക്ക് ഓരോ ആഴ്ചയും ഒരു പുസ്തകം തെരഞ്ഞെടുത്ത് വായിക്കാൻ നൽകുക.

കഥാപുസ്തകം/കവിത വായിച്ച ശേഷം ചെറിയൊരു സംഗ്രഹം പറയാൻ പ്രോത്സാഹിപ്പിക്കുക.

വായിച്ച കഥ, കവിത, നോവൽ തുടങ്ങിയവയെക്കുറിച്ച് കുട്ടികൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുക.

കുട്ടികളെ ഗ്രൂപ്പുകളാക്കി വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കി ചെറിയ സംഭാഷണം , ചർച്ച നടത്താൻ അവസരം നൽകുക.

വാക്കുകളിലെ ശരിയായ ഉച്ചാരണ പരിശീലനം നടത്തുക.

✦ഇംഗ്ലീഷ് അസംബ്ലി
പ്രതിജ്ഞ, പഴഞ്ചൊല്ലുകൾ, വാർത്തകൾ, കവിതകൾ തുടങ്ങിയവ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

✦ഇംഗ്ലീഷ് ബുള്ളറ്റിൻ
വിദ്യാർത്ഥികളുടെ കവിതകൾ, കഥകൾ, ചിത്രങ്ങൾ, ചൊല്ലുകൾ ബോർഡിൽ പ്രദർശിപ്പിക്കുക.

കുട്ടികൾക്ക് കവിതകൾ, ശ്ലോകങ്ങൾ, ചെറിയ പദ്യങ്ങൾ പഠിച്ച് അവതരിപ്പിക്കാൻ അവസരം നൽകുക.

കൂട്ടായ്മകളായി ഇംഗ്ലീഷ് സംഭാഷണം, വാക്ക് കളികൾ, സ്പെല്ലിങ് മത്സരങ്ങൾ നടത്തുക.

ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് സംഭാഷണം, വാക്ക് കളികൾ, സ്പെല്ലിങ് മത്സരങ്ങൾ നടത്തുക.

✦ദിനാചരണങ്ങൾ
ദിവസത്തിൻ്റെ പ്രത്യേകതയെക്കുറിച്ച് കുട്ടികൾ ചെറു പ്രസംഗം , ക്വിസ് എന്നിവ സംഘടിപ്പിക്കുക.

✦ഗണിത ലാബ്
ഗണിത ഉപകരണങ്ങൾ ഉപയോഗിച്ച് (അളവുകോൽ, ഘടികാരം, ജ്യാമിതി സാമഗ്രികൾ) കുട്ടികൾക്ക് പ്രവർത്തിക്കാൻ അവസരം നൽകുക.

✦ക്ലാസ് മാഗസിൻ
കുട്ടികളുടെ രചനകൾ, ചിത്രങ്ങൾ, വാർത്തകൾ, പഠനപ്രവർത്തനങ്ങൾ എന്നിവ ചേർത്ത് ക്ലാസ് മാസിക തയ്യാറാക്കുക.

✦ഭാഷാ ശേഖരം
ദിവസവും 5 പുതിയ മലയാള പദങ്ങൾ ശേഖരിച്ച് വാചകത്തിൽ ഉപയോഗിക്കുക.

കഥ, കവിത, വാർത്ത വായിച്ച കുട്ടികളെ ചർച്ച ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

✦സർഗവേദി
കുട്ടികൾക്ക് കവിത ചൊല്ലൽ, കഥ പറയൽ, ഗാനങ്ങൾ, നാടകങ്ങൾ അവതരിപ്പിക്കാൻ വേദി ഒരുക്കുക.

പഠിച്ച പാഠത്തിലെ പ്രധാന ആശയങ്ങൾ കുട്ടികൾക്ക് സ്വന്തം വാക്കുകളിൽ അവതരിപ്പിക്കാൻ അവസരം നൽകുക.

✦ലൈബ്രറി
കുട്ടികൾക്ക് ഓരോ ആഴ്ചയും ഒരു പുസ്തകം തെരഞ്ഞെടുത്ത് വായിക്കാൻ നൽകുക.

കഥാപുസ്തകം/കവിത വായിച്ച ശേഷം ചെറിയൊരു സംഗ്രഹം പറയാൻ പ്രോത്സാഹിപ്പിക്കുക.

വായിച്ച കഥ, കവിത, നോവൽ തുടങ്ങിയവയെക്കുറിച്ച് കുട്ടികൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുക.

കുട്ടികളെ ഗ്രൂപ്പുകളാക്കി വായിച്ച പുസ്തകങ്ങളെ ആസ്പദമാക്കി ചെറിയ സംഭാഷണം , ചർച്ച നടത്താൻ അവസരം നൽകുക.

വാക്കുകളിലെ ശരിയായ ഉച്ചാരണ പരിശീലനം നടത്തുക.

✦ഇംഗ്ലീഷ് അസംബ്ലി
പ്രതിജ്ഞ, പഴഞ്ചൊല്ലുകൾ, വാർത്തകൾ, കവിതകൾ തുടങ്ങിയവ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

✦ഇംഗ്ലീഷ് ബുള്ളറ്റിൻ
വിദ്യാർത്ഥികളുടെ കവിതകൾ, കഥകൾ, ചിത്രങ്ങൾ, ചൊല്ലുകൾ ബോർഡിൽ പ്രദർശിപ്പിക്കുക.

കുട്ടികൾക്ക് കവിതകൾ, സ്ലോകങ്ങൾ, ചെറിയ പദ്യങ്ങൾ പഠിച്ച് അവതരിപ്പിക്കാൻ അവസരം നൽകുക.
കൂട്ടായ്മകളായി ഇംഗ്ലീഷ് സംഭാഷണം, വാക്ക് കളികൾ, സ്പെല്ലിങ് മത്സരങ്ങൾ നടത്തുക.

ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് സംഭാഷണം, വാക്ക് കളികൾ, സ്പെല്ലിങ് മത്സരങ്ങൾ നടത്തുക.

✦ദിനാചരണങ്ങൾ
ദിവസത്തിൻ്റെ പ്രത്യേകതയെക്കുറിച്ച് കുട്ടികൾ ചെറു പ്രസംഗം , ക്വിസ് എന്നിവ സംഘടിപ്പിക്കുക.

✦ഗണിത ലാബ്
ഗണിത ഉപകരണങ്ങൾ ഉപയോഗിച്ച് (അളവുകോൽ, ഘടികാരം, ജ്യാമിതി സാമഗ്രികൾ) കുട്ടികൾക്ക് പ്രവർത്തിക്കാൻ അവസരം നൽകുക.

✦ക്ലാസ് മാഗസിൻ
കുട്ടികളുടെ രചനകൾ, ചിത്രങ്ങൾ, വാർത്തകൾ, പഠനപ്രവർത്തനങ്ങൾ എന്നിവ ചേർത്ത് ക്ലാസ് മാസിക തയ്യാറാക്കുക.

✦ഭാഷാ ശേഖരം
ദിവസവും 5 പുതിയ മലയാള പദങ്ങൾ ശേഖരിച്ച് വാചകത്തിൽ ഉപയോഗിക്കുക.

കഥ, കവിത, വാർത്ത വായിച്ച് കുട്ടികളെ ചർച്ച ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

✦സർഗവേദി
കുട്ടികൾക്ക് കവിത ചൊല്ലൽ, കഥ പറയൽ, ഗാനങ്ങൾ, നാടകങ്ങൾ അവതരിപ്പിക്കാൻ വേദി ഒരുക്കുക.

പഠിച്ച പാഠത്തിലെ പ്രധാന ആശയങ്ങൾ കുട്ടികൾക്ക് സ്വന്തം വാക്കുകളിൽ അവതരിപ്പിക്കാൻ അവസരം നൽകുക.

# മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിൽ: ഉദ്ദേശ്യസാധ്യത ലളിതമായ രീതിയിൽ സ്കൂൾ തലത്തിൽ ഉറപ്പാക്കുക.

- സോഷ്യൽ മോണിറ്ററിംഗ് ടീം: PTA, MPTA, SMC, SRG എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുക.

- ടെക്നിക്കൽ പിന്തുണ: കാർഷിക വകുപ്പ്, പ്രാദേശിക കർഷകർ, വിദഗ്ധർ എന്നിവരുടെ സഹായം സ്വീകരിക്കുക.

- ഡോക്യുമെന്റേഷൻ: പ്രവർത്തനങ്ങളും പുരോഗതിയും ചിത്രങ്ങൾ, വീഡിയോകൾ, റിപ്പോർട്ടുകൾ എന്നിവയായി രേഖപ്പെടുത്തുക.

- മാസാന്ത്യ വിലയിരുത്തൽ: പ്രവർത്തനങ്ങളുടെ പുരോഗതി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ച് വിലയിരുത്തുക.

- മാധ്യമ മോണിറ്ററിംഗ്: HM / Convenor, PTA President എന്നിവരുടെ നേതൃത്വത്തിൽ നിരീക്ഷണം നടത്തുക.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## ജൂൺ 3 മുതൽ ജൂൺ 13 വരെ -പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയ മേഖലകൾ |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

### സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാസ്റ്റിൽ തയ്യാറാക്കണം.

# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.

# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.

#:ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.

# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

# പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ വിദ്യാർത്ഥികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ. അടിസ്ഥാനപരമായ ധാരണകളും കഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു:

പിന്തുണ അനുബന്ധങ്ങൾ:-

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) തെളിവാനം വരയ്ക്കുന്നവർ(പുസ്തകം, അതിനായുള്ള മൊഡ്യൂൾ)

b) ലഹരി ഒരു തിരിച്ചറിവ്- കുറിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം-

6)ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

- കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
- ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം
- സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
- ആക്റ്റിവിറ്റി ബുക്ക്.
- ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
- സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

### 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുമുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.
  - അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.

- വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം, സ്റ്റോർ, ടോയ്‌ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ (പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.
- രീതിശാസ്ത്രം: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലളിതമായ ജോലികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

## 2025 ജൂൺ 4: സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - റോഡ് സുരക്ഷാ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.
  - മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.
  - സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## 2025 ജൂൺ 5: ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം , മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - വ്യക്തിഗത ശുചിത്വം (10 മിനിറ്റ്):
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
  - പരിസര ശുചിത്വം (20 മിനിറ്റ്):
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്മുറി, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
    - നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

    - ഹരിത കാമ്പസ് (20 മിനിറ്റ്):
        - സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.
        - ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
    - വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):
        - സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

## 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
    - തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
        - തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.
        - മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
        - കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
        - മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.
        - വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
        - ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.
        - കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക.
        - പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
        - ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.
    - പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം. ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക്/നീല ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
    - കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും

ടാബ്‌ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം" പാലിക്കുക.

- ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. ഏതെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദുലമായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
- വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
- മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെപറയുന്ന പ്രയോജനപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ ചർച്ചാസൂചകമായി

- രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
- 

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള

**1:** പൊതുമുതൽ സംരക്ഷണം

**2025 ജൂൺ 11:** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

**പ്രധാന പ്രവർത്തനങ്ങൾ:**

- **അവബോധ ക്ലാസ്സുകൾ:**
  - പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.
- **ശുചീകരണ യജ്ഞങ്ങൾ:**
  - സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
- **മാതൃകാപരമായ പെരുമാറ്റം:**
  - പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
  - പൊതു ടോയ്‌ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.
- **ചുമർ ചിത്രങ്ങളും സന്ദേശങ്ങളും:**
  - പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുമർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.
  -

**2025 ജൂൺ 13:** രാസ-ലഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവരിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

**പ്രധാന പ്രവർത്തനങ്ങൾ:**

- **ബോധവൽക്കരണ സെമിനാറുകൾ:**
  - രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- **ലഘുലേഖകളും പോസ്റ്ററുകളും:**
  - ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
  - വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- **ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:**
  - പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ

വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കക.
  - സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കട്ടികളെ അവയിലേക്ക് ആകർഷിക്കുക.
- കൗൺസിലിംഗ് സൗകര്യം:
  - അമിതമായി മൊബൈൽ ഉപയോഗിക്കന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
  - മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കറിച്ച് അവബോധം നൽകുകയും കട്ടികളെ നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കകയും ചെയ്യക.
- മാതൃകയാവുക:
  - അദ്ധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
  - ക്ലാസ് മുറികളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.



# മാസ്റ്റർ പ്ലാൻ  പ്രവർത്തന വിശദാംശങ്ങൾ

## മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
-

**പ്രവർത്തന ഘട്ടങ്ങൾ:**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 2025 അവസാനം).
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓരോ ടേമിലും).
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു (ജനവരി 2026).
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
-

**വിലയിരുത്തൽ:**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കൈയെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സാവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |

**അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

- 1. പരിചയപ്പെട്ടത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ് )
- 2. പരിചയപ്പെട്ടത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക.(മലയാളം, ഇംഗ്ലീഷ് )
- 3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
- 4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
- 5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- 6. ആശയാവതരണ രീതികളുടെ പ്രയോഗ്യതയും സാധുതയും ഗൗരവമായി പഠിക്കുക.
- 7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
- 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രാജക്ടുകളിൽ ധാരണ നേടുക.

.ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- 1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).
- 2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).
- 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണം.
- 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- 5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
- 6. പരീക്ഷണോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടുന്ന ലഘു പരീക്ഷണങ്ങൾ.
- 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.
- 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.
- 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതൃമാർഗ്ഗത്തിലൂം.
- 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
- 11. വായനോത്സവം, രചനോത്സവം.
- 12.12. ലഹരി ബോധവത്കരണം

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

**ലക്ഷ്യ പ്രസ്താവനകൾ:**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
-

**പ്രവർത്തന ഘട്ടങ്ങൾ:**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).
-

**വിലയിരുത്തൽ:**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത ഒരുക്കിയിട്ടുണ്ട്.

- തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- 

പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).
- തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).
- 

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്ത നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റ ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

### ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ
- ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

  പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- കണ്ടെത്തലുകളുടെഅവതരണം.കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ് തയ്യാറാക്കൽ.പാഠഭാഗത്തിന്അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
  പ്രവർത്തനംഅവലോകനം,

## വിലയിരുത്തൽ

(ജൂലൈഅവസാനം)
പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)
വിലയിരുത്തൽ
ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ, PTA, HM
സാമ്പത്തികം :SSK

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
- ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

വിലയിരുത്തൽ:

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച നടത്തിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.
- എല്ലാ കുട്ടികളും പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ

സാമ്പത്തികം

പി.ടി.എ.,എസ്. എസ്. കെ

## അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
- കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.
- പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
- താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
- ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.
- ആശയവിനിമയശേഷി വളർത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
- വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
- പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.
- സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
- അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
- വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക – എന്താണ് പഠിച്ചത്? ആരെന്താണ് അഭിനയിച്ചത്?

### വിലയിരുത്തൽ:

- പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
- അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
- പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
- യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP).
- പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

### ക്രോഡീകരണം:

- പഠനം ആസ്വാദ്യകരമാക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.
- യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.
- സഭാകമ്പമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.
- എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.
- കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP).

## പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ രീതിയിൽ മനസ്സിലാക്കാനും, ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- പ്രക്രിയാഭാവമുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
- നിരീക്ഷണം, അന്വേഷണം, പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.
- പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.
- ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.
- മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പ്രാരംഭ ചർച്ച: പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, എന്തൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.
- പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ: പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക (ഉദാ: ജലചംക്രമണം, മണ്ണിന്റെ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങിയവ).
- വിഭാഗങ്ങളാക്കി ഒരുക്കൽ: കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.
- സാധനങ്ങൾ ഒരുക്കൽ: സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുക.
- പരീക്ഷണ പ്രദർശനം: ഓരോ സംഘവും പരീക്ഷണം കാഴ്ചവെക്കുകയും ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
- പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ: പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- പ്രതിഫലനം: ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?

### വിലയിരുത്തൽ:

- പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.
- നിരീക്ഷണശേഷിയും സംശയപരിശോധനാക്ഷമതയും.
- അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.
- ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.
- സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.
- പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.
- പ്രവർത്തനത്തിന്റെ അകലം പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

# സമഗ്ര പുരോഗതി രേഖ (Holistic Progress Card)

**ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.**

## പ്രവർത്തന ലക്ഷ്യങ്ങൾ:

- **കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.**
- **ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.**
- **അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.**
- **തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.**
- **പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.**

## പ്രവർത്തന ഘട്ടങ്ങൾ:

- **രേഖയുടെ രൂപരേഖ തയ്യാറാക്കൽ:**
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- **വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:**
  - **ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.**
  - **അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.**
  - **ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.**
- **കാലക്രമനസൃതമായി രേഖപ്പെടുത്തൽ:**
  - **മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.**
  - **കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.**
- **പുതിയ ക്ലാസിലേക്ക് കൈമാറ്റം:**

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനവും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
    - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
    - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
    - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
    - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
    - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
  - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
  - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
  - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
  - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
  - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
  - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
  - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

### വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യശ്രമി.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
  - പ്രവർത്തന പങ്കാളിത്തം:
    - പ്രവർത്തനം ഏറ്റെടുത്തു?
    - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
    - ആശയങ്ങൾ പങ്കുവെച്ചു?
  - ആശയധാരണ:
    - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
    - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
  - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
  - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
  - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം (Observation):
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം (Interview):
  - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
  - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
  - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

## KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം-സന്നദ്ധത പ്രവർത്തനങ്ങൾ<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ് പിടിഎ തീയതികൾ (തീയതി എഴുതിച്ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം (തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പശാല (തീയതി)<br>• ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം (തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | സന്നദ്ധത പ്രവർത്തനങ്ങൾ<br>മഴയോ മഴ<br>അടുക്കളയിലെ രൂപങ്ങൾ<br>An Umbrella For All | 20 |
| ജൂലൈ<br>ജല | • ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br>• കടംകഥ, സംഭാഷണം, പോസ്റ്റർ<br>• ക്ലാസ് പിടിഎ യോഗം വിലയിരുത്തൽ | നന്നായ് ഉണ്ണാൻ<br>ഒളിച്ചേ, കണ്ടേ<br>An Umbrella For All | 20 |
| ആഗസ്റ്റ് | • കാർഷിക ഉപകരണങ്ങൾ പ്രദർശനം<br>ആഹാര രീതികൾ<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക്<br>ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>നല്ല നാടിനായ് നല്ല നാളേക്കായ്<br>A Piece Of Cake | 15 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| സെപ്റ്റംബർ | • കഥകൾ,സംഭാഷണങ്ങൾ അവതരണം<br>• ഡയറി എഴുത്ത്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• പട്ടിക വിശകലനം<br>• ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളേക്കാൾ<br>• Mask making,Role Plays | പൂരം, പൊടിപൂരം<br>സമ്മാനപ്പൊതി<br>A Piece Of Cake | |
| ഒക്ടോബർ | • കഥകൾ ,സംഭാഷണങ്ങൾ ചിഹ്നങ്ങൾ ചേർക്കൽ കുട്ടിക്കവിതകൾ<br>• 100 ന്റെ കൂട്ടങ്ങളാക്കൽ ,<br>• സംഖ്യകൾ താരതമ്യം | രുചിമേളം<br>ഒന്നായ് ചേരാം നന്നായ് വളരാം<br>The Village Of Birds | |
| നവംബർ | • മുഖമൂടി നിർമാണം സംഭാഷണം രൂപപ്പെടുത്തൽ ദൃശ്യാവിഷ്കാരം<br>• Conversation<br>• Role plays<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• താരതമ്യം ചെയ്യൽ<br>• പട്ടികപ്പെടുത്തൽ | | |

## ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• പഠന പിന്തുണ എങ്ങനെ നൽകാം<br>• കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>• ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>• രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | • എസ് ആർ ജി യോഗം<br>• ചുമതലാ വിഭജനം<br>• എസ്.എം.സി / പി.ടി.എ യോഗം<br>• നിർമാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | • അക്കാദമികം<br>• ഡയറിയെഴുത്ത്<br>• പ്രവർത്തന ബുക്ക് വിശകലനം<br>• കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | • എസ് ആർ ജി<br>• സി പി ടി എ<br>• ഓൺലൈൻ സി പി ടി എ |
| ആഗസ്റ്റ് | • വായനോത്സവം<br>• രചനോത്സവം<br>• തത്സമയ വിലയിരുത്തൽ | • വായനമൂല ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

കുട്ടികളുടെ പൊതു പഠന നിലവാരം രക്ഷിതാക്കൾക്ക് വിലയിരുത്താനുതകുന്ന പ്രവർത്തനങ്ങൾ cpta യിലൂടെ സാധ്യമാകണം .ആശയാവതരണ രീതിയിലൂടെ കുട്ടി ഭാഷാ ശേഷികൾ നേടുന്നതിന്റെ നേരനുഭവ പ്രവർത്തനങ്ങൾ ഒരുക്കണം .പഠനോപകരണ ശില്പ ശാല എന്തിനു എന്ന് ഓരോ രക്ഷിതാവിനും ബോധ്യപ്പെടണം .

# ഉപസംഹാരം

ലോകമെങ്ങും അക്രമങ്ങളും അസമത്വങ്ങളും വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, പുതിയ തലമുറയെ നീതിബോധവും നന്മയും നിറഞ്ഞ മനുഷ്യരായി വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങൾ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ഈ കാഴ്ചപ്പാടിൽ, സമഗ്രമായൊരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

അക്കാദമികവും സാമൂഹികവുമായ വികസനത്തോടൊപ്പം ലോകവും പ്രകൃതിയും അഭിമുഖീകരിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ, ഭക്ഷ്യവിലക്കയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവയും പരിഗണിക്കുമ്പോൾ, പുതുതലമുറയെ നിലനിബന്ധവും നന്മയും ഉള്ള മനസ്സോടെ വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

വിദ്യാലയങ്ങൾ മണ്ണറിഞ്ഞും പ്രകൃതിയെ അറിഞ്ഞും വളരുന്നൊരു സംസ്കാരത്തെ വളർത്തിപ്പോറ്റേണ്ടത് അനിവാര്യമാണ്. ഹരിതാമൃതം പദ്ധതി വിദ്യാർത്ഥികളിൽ സഹകരണമൂല്യവും ഉത്തരവാദിത്തബോധവും ശാസ്ത്രീയ മനോഭാവവും വളർത്തി നൽകും.

അതിനാൽ, GLPS കുമാരപുരം നടപ്പാക്കുന്ന ഹരിതാമൃതം പദ്ധതി അക്കാദമികവും സാമൂഹികവുമായ വിജയം കൈവരിക്കാൻ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.ഭൗതീകമായ സൗകര്യങ്ങളും സമ്പുഷ്ടമാക്കുന്നതിന് ഈ വികസനരേഖ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.